പതിനാലാം കേരള നിയമസഭ
പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 43 — 29/11/2018 ൽ മറുപടിക്ക്

ശബരിമല യുവതീ പ്രവേശം സംബന്ധിച്ച സുപ്രീം കോടതി വിധി

ചോദ്യം

ശ്രീ.കെ.ആൻസലൻ
ശ്രീ.എം. സ്വരാജ്
ശ്രീ.പി.ഉണ്ണി
ശ്രീ.യു.ആർ.പ്രദീപ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതീപ്രവേശ വിഷയത്തിൽ കേരള ഹൈക്കോടതിയുടെ 1991-ലെ വിധി പ്രകാരം നിയമപ്രാബല്യം നേടിയ ആചാരം സുപ്രീം കോടതി വിധിയോടെ തിരുത്തേണ്ടി വരുന്നത് മതവിശ്വാസത്തിലുള്ള കടന്നുകയറ്റമായി തെറ്റിദ്ധരിപ്പിച്ച് വർഗീയ ലഹളയ്ക്ക് ശ്രമിക്കുന്നവരെയും സാമൂഹ്യനീതി അട്ടിമറിക്കാൻ പരിശ്രമിക്കുന്നവരെയും തുറന്നുകാട്ടുന്നതിനും അത്തരക്കാർക്കെതിരെ ജാഗ്രത പുലർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 1991 ലെ ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് ബഹു. സുപ്രീം കോടതിയുടെ 2018 സെപ്റ്റംബർ 28 ന് പുറപ്പെടുവിച്ച വിധിയോടെ റദ്ദായിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന് കോടതി വിധി നടപ്പിലാക്കാൻ മാത്രമെ കഴിയുകയുള്ളൂവെന്ന വസ്തുത മറച്ച് വച്ച് കൊണ്ട് ശബരിമലയിലും സംസ്ഥാനത്താകമാനവും ആചാരസംരക്ഷണമെന്ന വ്യാജേന പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ സർക്കാർ നിയമപരമായ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥഭക്തർക്ക് ഭയാശങ്കകൾ കൂടാതെ തീർത്ഥാടനം സുഗമമാക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും പോലീസ് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധി അംഗീകരിക്കുന്ന സർക്കാർ നിലപാട് മതവിശ്വാസത്തിലുള്ള കടന്നുകയറ്റമായി തെറ്റിദ്ധരിപ്പിച്ച് വർഗീയ ലഹളയ്ക്ക് ശ്രമിക്കുന്നവരെയും സാമൂഹ്യനീതി അട്ടിമറിക്കാൻ പരിശ്രമിക്കുന്നവരെയും തുറന്നുകാട്ടുന്നതിനും അത്തരക്കാർക്കെതിരെ ജാഗ്രത പുലർത്തുന്നതിനും ദൃശ്യ ശ്രവ്യമാധ്യമങ്ങളിലൂടെയും മറ്റും വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്. |
| (ബി) | ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമാണെന്നിരിക്കെ സുപ്രീം കോടതി വിധിക്കെതിരെ കലാപം | (ബി) | ഭരണഘടന പൗരന് നൽകുന്ന മൗലീക അവകാശങ്ങൾ യഥാവിധി മനസിലാക്കാതെയും, സുപ്രീംകോടതി വിധിയുടെ അന്തസത്ത മനസ്സിലാക്കാതെയും കലാപം |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കുകയും വിശ്വാസികളുടെ വീട് തകർക്കുകയും ചെയ്യുന്നവരുടെ ഇത്തരം രാജ്യദ്രോഹ നടപടികൾ തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ; | | നടത്തിയവരെയും വിശ്വാസികളുടെ വീടുകൾ തകർത്തവർക്കെതിരെയും മാതൃകാപരമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | സുപ്രീം കോടതി വിധി നടപ്പാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ? | (സി) | സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ